പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1128 02.03.2017- ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള ഗ്രീൻഫീൽഡ് റോഡ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.സി.ജോസഫ് | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള ഗ്രീൻഫീൽഡ് റോഡിന്റെ പ്രവർത്തികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) | കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള ഗ്രീൻഫീൽഡ് റോഡിന്റെ പ്രവർത്തികൾക്കായി വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ വിമാനത്താവള കുടിയിറക്ക് വിരുദ്ധ സമിതിയുടെ പ്രാദേശിക എതിർപ്പുകൾ ഉണ്ടായതിനെത്തുടർന്ന് നിർദ്ദിഷ്ട 20 കി.മി. റോഡിൽ 9 കി.മി റോഡിന്റെ സർവ്വേ നടപടികൾ മാത്രമേ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കി 11 കി.മി. റോഡിന്റെ സർവ്വേ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ ഇത് സംബന്ധിച്ചുള്ള തുടർനടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) വിമാനത്താവളവുമായി ബന്ധിപ്പിക്കാൻ ഏതെല്ലാം അനുബന്ധ റോഡുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇവയിൽ ഏതെല്ലാം പ്രവർത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കുമോ? | (ബി) | പയ്യന്നൂർ - മട്ടന്നൂർ റോഡ്, കൊട്ടുവള്ളി - പിണറായി - അഞ്ചരക്കണ്ടി - കണ്ണൂർ എയർപോർട്ട് നാലുവരിപ്പാത എന്നിവയ്ക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 20.08.2016-ലെ സ.ഉ (സാധാ) നം. 1192/2016/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>തലശ്ശേരി - മട്ടന്നൂർ റോഡും, കർണ്ണാടക ബോർഡർ - മട്ടന്നൂർ റോഡും കെ.എസ്.ടി.പി-യുടെ മേൽനോട്ടത്തിൽ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി പുരോഗതിയിലാണ്.<br><br>വയനാട് മട്ടന്നൂർ റോഡ് ആകെയുള്ള 34.32 കി.മി. -ൽ 16.72 കി.മി. 5.5 മീറ്റർ വീതിയിൽ മലയോര ഹൈവേയുടെ ഭാഗമായി അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. ബാക്കി ഭാഗം 5.5 മീറ്റർ വീതിയിൽ ചിപ്പിംഗ് കാർപ്പെറ്റ് ഉപരിതലമാണ്. |

നാദാപുരം - തലശ്ശേരി റോഡ് വിവിധ പദ്ധതികളിലായി 7 മീറ്റർ വീതിയിൽ കണ്ണൂർ റോഡ്സ് ഡിവിഷന്റെ കീഴിൽ വരുന്ന ഭാഗം മെക്കാഡം ടാറിംഗ് നടത്തി അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്.

25.11.2015-ലെ സ.ഉ (സാധാ) നം.1726/2015/പൊ.മ.വ പ്രകാരം കാര - പേരാവൂർ റോഡ്, മട്ടന്നൂർ -പഴശ്ശിക്കനാൽ - കാര റോഡ് , പാറക്കടവ് - കല്ലിക്കണ്ടി - പാറാട്ട് - ചെറുവാഞ്ചേരി - വലിയവെളിച്ചം - കൂത്തുപറമ്പ് - എയർപോർട്ട് റോഡ് എന്നിവ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

ഇതുകൂടാതെ 01.03.2017-ലെ സ.ഉ (സാധാ) നം. 253/2017/പൊ.മ.വ പ്രകാരം മേലെചൊവ്വ - മട്ടന്നൂർ റോഡ്, ചൊവ്വ - അഞ്ചരക്കണ്ടി - കീഴല്ലൂർ - മട്ടന്നൂർ റോഡ്, തലശ്ശേരി - ഇരിക്കൂർ റോഡ് എന്നിവയുടെ ഓവർലേ പ്രവൃത്തികൾക്കായി യഥാക്രമം 1030 ലക്ഷം, 600 ലക്ഷം, 652 ലക്ഷം എന്നീ തുകകൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ